3210
06/09/12

# കേരള സർക്കാർ

## സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ സർവ്വീസ് വെരിഫിക്കേഷന് ഹാജരാകുന്ന ഉദ്യോഗസ്ഥർക്ക് യാത്രാസമയം ഡ്യൂട്ടി ആയി ക്രമീകരിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

സ.ഉ.(അ)നം.43/2012/ഉഭപവ തിരുവനന്തപുരം, തീയതി:27.08.2012.

പരാമർശം:- 14.12.2010-ലെ സ.ഉ.(അ) നം.41/2010/ഉ.ഭ.പ.വ.

## ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം ഭാവിയിലുണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിനു പുറമെ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടുംകൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവു എന്ന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം സർവ്വീസ് വെരിഫിക്കേഷനുമായി ബന്ധപ്പെട്ട അസ്സൽ രേഖകളുടെ പരിശോധനയ്ക്കായി വിവിധ ജില്ലാ പി.എസ്.സി. ഓഫീസുകളിലേക്ക് നേരിട്ട് ഉദ്യോഗസ്ഥർ ഹാജരാകേണ്ടതിനാൽ ഇപ്രകാരം നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് വെരിഫിക്കേഷന് ഹാജരാകുന്ന ദിവസങ്ങളിലേക്ക് ഡ്യൂട്ടി ലീവ്, റ്റി.എ./ഡി.എ. തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദനീയമാണോ എന്നതിന്മേൽ വിവിധ വകുപ്പദ്ധ്യക്ഷന്മാർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ സർവ്വീസ് വെരിഫിക്കേഷന് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾക്ക് വെരിഫിക്കേഷൻ ദിവസം ഓഫീസിൽനിന്നും പി.എസ്.സി. ഓഫീസിലേക്കും, തിരിച്ചും സാധാരണ രീതിയിൽ യാത്ര ചെയ്യുന്നതിനാവശ്യമായ യഥാർത്ഥ യാത്രാസമയം ഡ്യൂട്ടി ആയി ക്രമീകരിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത യാത്രയ്ക്ക് റ്റി.എ./ഡി.എ. എന്നിവ അനുവദനീയമല്ല എന്നും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**റ്റി.ജെ.മാത്യു**
**സെക്രട്ടറി**

പകർപ്പ്:- എല്ലാ വകുപ്പു തലവൻമാർക്കും/ ഓഫീസ് മേലധികാരികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുളള എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം (ആമുഖ കത്തു സഹിതം).

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം (ആമുഖ കത്തു സഹിതം).

സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്തു സഹിതം).

രജിസ്ട്രാർ, ഹൈക്കോടതി,കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള, കൊച്ചി, കോഴിക്കോട്, കണ്ണൂർ യുണിവേഴ്സിറ്റികൾ (ആമുഖ കത്തു സഹിതം).

രജിസ്ട്രാർ, മഹാത്മാഗാന്ധി യുണിവേഴ്സിറ്റി, കോട്ടയം (ആമുഖ കത്തു സഹിതം).

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ (ആമുഖ കത്തു സഹിതം).

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം (ആമുഖ കത്തു സഹിതം).

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം / തിരുവനന്തപുരം ശാഖ (ആമുഖ കത്തു സഹിതം).

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം. (ആമുഖ കത്തു സഹിതം).

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്തു സഹിതം).

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ ആർ 11) വകുപ്പിന് (വെബ്സൈറ്റിൽ നൽകുന്നതിന്)

വിവര പൊതുജന സമ്പർക്ക വകുപ്പ്(ഇൻഫർമേഷൻ വെബ് & ന്യൂ മീഡിയ) വകുപ്പ്(കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫിസർ